9046
2/5/18

# കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - മൂന്നാർ വനം ഡിവിഷൻ ദേവികുളം റെയിഞ്ച് ഒ.ആർ.81/04 പാലാർ ഭാഗത്ത് റിസർവ്വ് വനത്തിൽ നിന്നും യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടിക്കടത്തിയത് - ശ്രീ.വി.സജികുമാർ, വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ച റിവ്യൂ ഹർജി - നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.188/2018/വനം തീയതി, തിരുവനന്തപുരം, 23.04.2018

പരാമർശം :-

1. 29.03.2011 തീയതിയിലെ 3169/എ 1/2011/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും.
2. 13.04.2011 തീയതിയായി ശ്രീ.എം.എം.മുഹമ്മദ് ഷാഫി, സെക്ഷൻ ഫോറസ്റ്റർ, 24.05.2011 തീയതിയായി ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ.
3. 11.09.2012 ലെ സ.ഉ.(സാധാ) നം. 449/2012/വനം ഉത്തരവ്.
4. 07.08.2015 ലെ 2269/എ 1/2014/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. 22.09.2015 തീയതിയായി ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, 30.09.2015 തീയതിയായി ശ്രീ.എം.എം.മുഹമ്മദ് ഷാഫി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച വിശദീകരണങ്ങൾ
6. 05.03.2017 ലെ സ. ഉ. (സാധാ.) നം. 80/2017/വനം ഉത്തരവ്
7. 17/05/2017 തീയതിയായി ശ്രീ.വി.സജികുമാർ, വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ച റിവ്യൂ ഹർജി.
8. 27.10.2017 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) ബി8-29255/2009 നമ്പർ കത്ത്.

## ഉത്തരവ്

മൂന്നാർ വനം ഡിവിഷൻ ദേവികുളം റെയിഞ്ചിൽ പാലാർ ഭാഗത്ത് റിസർവ്വ് വനത്തിൽ നിന്നും യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടിക്കടത്തിയതിൽ രജിസ്റ്റർ ചെയ്ത ഒ.ആർ.81/04 മായി ബന്ധപ്പെട്ട് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശ പ്രകാരം സർവ്വശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എം.എം.മുഹമ്മദ് ഷാഫി, ഡെപ്യൂട്ടി റെയിഞ്ചർ എന്നിവർക്ക് സർക്കാർ തലത്തിൽ പരാമർശം (1) പ്രകാരം താഴെ

പറയുന്ന കുറ്റങ്ങൾക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i) ദേവികുളം റെയിഞ്ചിൽ 21.10.2004-ൽ രജിസ്റ്റർ ചെയ്ത ഒ.ആർ.81/04-ാം നമ്പർ കേസിനാസ്പദമായ യൂക്കാലിപ്റ്റസ് തടികൾ പാലാർ എച്ച്.എൻ.എൽ പ്ലാന്റേഷനു സമീപമുള്ള ഷോല ഫോറസ്റ്റിൽ നിന്നും നഷ്ടപ്പെട്ടത് യഥാസമയം കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തി.

(ii) പ്രസ്തുത കേസ്സിലെ പ്രതികളുടെ മൊഴി അനുസരിച്ച് കസ്റ്റഡിയിലെടുക്കാമായിരുന്ന തൊണ്ടിത്തടികൾ കണ്ടുപിടിക്കുവാനോ തുടർ നടപടികൾ സ്വീകരിക്കുവാനോ യാതൊരു ആത്മാർത്ഥ ശ്രമവും നടത്തിയില്ല.

(iii) ടിയാന്റെ മേൽ പ്രവർത്തികൾ മൂലം സർക്കാരിലേയ്ക്ക് 10,000/- രൂപയുടെ നഷ്ടമുണ്ടായി. മാത്രമല്ല പ്രസ്തുത തൊണ്ടിത്തടികൾ കസ്റ്റഡിയിൽ എടുക്കാതിരുന്നതിനാൽ അതു കടത്തിക്കൊണ്ടു പോകുവാൻ ഉപയോഗിച്ച കെ.എൽ.7 എസ്-5063 നമ്പർ ലോറി, വന നിയമത്തിലെ 61 എ വകുപ്പ പ്രകാരം സർക്കാരിലേയ്ക്ക് കണ്ടു കെട്ടുവാൻ സാധിക്കാതെ വന്നു.

2) കുറ്റാരോപിതർ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകൾ തൃപ്തികരമല്ലാത്തതിനാൽ പരാമർശം (3) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി. പ്രസ്തുത അന്വേഷണത്തിൽ കുറ്റാരോപിതർക്കെതിരെയുള്ള മൂന്ന് കുറ്റങ്ങളും തെളിയുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാന്മാർ പരാമർശം (5) പ്രകാരം വിശദീകരണം സമർപ്പിച്ചു.

3) തുടർന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ അഭിപ്രായവും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശവും ലഭ്യമാക്കുകയും ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിൽ നിന്നും 5,000/- (അയ്യായിരം രൂപ മാത്രം) രൂപ ഈടാക്കിക്കൊണ്ടും 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (VA) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും, ശ്രീ.എം.എം.മുഹമ്മദ് ഷാഫി, ഡെപ്യൂട്ടി റെയിഞ്ചറി (റിട്ട) ന്റെ ഡി.സി.ആർ.ജി.യിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം 3 പ്രകാരം 5000/- (അയ്യായിരം രൂപ മാത്രം) രൂപ ഈടാക്കിക്കൊണ്ടും, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ (മുന്നൂറു രൂപ മാത്രം) വീതം രണ്ട് വർഷത്തേയ്ക്ക് കുറവു ചെയ്തു കൊണ്ടും ടിയാന്മാർക്കെതിരെയുള്ള അച്ചടക്ക നടപടി പരാമർശം (6) പ്രകാരം തീർപ്പാക്കി ഉത്തരവായി.

4) അച്ചടക്ക നടപടി തീർപ്പാക്കിയതിന്മേൽ ശ്രീ.വി.സജികുമാർ, വൈൽഡ് ലൈഫ് വാർഡൻ പരാമർശം (7) പ്രകാരം റിവ്യൂഹർജി സമർപ്പിച്ചു. റിവ്യൂഹർജിയിൽ നേരിൽ കേൾക്കുന്നതിന് അപേക്ഷിച്ചതിൻ പ്രകാരം ടിയാനെ 14.09.2017 ന് നേരിൽ കേട്ടു.

5) നേരിൽ കേട്ടപ്പോഴും, പ്രതിവാദ പത്രികയിലും ഔപചാരിക അന്വേഷണവേളയിലും ഉന്നയിച്ച വാദമുഖങ്ങൾ തന്നെ ടിയാൻ ആവർത്തിച്ചു. വനം വകുപ്പിന്റെ അധീനതയിലുള്ള കെ.ഡി.എച്ച്. ഭൂമിയിൽ നട്ടു വളർത്തിയിട്ടുള്ള യൂക്കാലി മരങ്ങൾ സർക്കാർ വക ആയതിനാൽ മരങ്ങൾ നഷ്ടപ്പെട്ടതുമൂലം സർക്കാർ നഷ്ടം ഉള്ളതായും മഹസ്സർ തയ്യാറാക്കി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസവും വീഴ്ചയും ഉണ്ടായതായും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (8) പ്രകാരം അറിയിച്ചു.

6) മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിൽ ഔപചാരികാന്വേഷണ റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ചുകൊണ്ട്, റിവ്യൂ ഹർജി പരിഗണിക്കേണ്ടതായ യാതൊരു വസ്തുതകളും നിലനിൽക്കുന്നില്ല എന്ന് കണ്ടെത്തി. അതിനാൽ ശ്രീ.വി.സജികുമാർ, വൈൽഡ് ലൈഫ് വാർഡൻ പരാമർശം (7) പ്രകാരം സമർപ്പിച്ച റിവ്യൂഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നാസറുദ്ദീൻ എ.
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.വി.സജികുമാർ, വൈൽഡ് ലൈഫ് വാർഡൻ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ